## പാഠം 11 ജൂൺ 3-9

# വ്യാജ ഉപദേശകന്മാർ

**ശബ്ബത്ത് സായാഹ്നം ജൂൺ 3**

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:**

**2 പത്രൊസ് 2:1-22; യോഹന്നാൻ 8:34-36; മത്തായി 12:43-45; യൂദാ 4-19; ഉല്പത്തി 18:16-33.**

**മനഃപാഠവാക്യം: "തങ്ങൾ തന്നെ നാശത്തിന്റെ അടിമകളായിരിക്കെ മറ്റുള്ളവർക്കും സ്വാതന്ത്ര്യത്തെ വാഗ്ദത്തം ചെയ്യുന്നു" (2 പത്രൊസ് 2:19).**

പത്രൊസ് അവന്റെ ആദ്യ ലേഖനത്തിൽ, വലിയ പുരോഹിത കരുതലോടെ, പീഡനത്തിന്റെ അപകടങ്ങളെക്കുറിച്ച് വായനക്കാരെ പ്രോത്സാഹിപ്പിക്കുവാൻ ശ്രമിച്ചു. കൃത്യമായി എപ്രകാരമുള്ള പീഡനത്തെക്കുറിച്ചാണ് പത്രൊസ് പ്രതിപാദിക്കുന്നതെന്ന് നമുക്കറിയില്ലെങ്കിലും, "ക്രിസ്ത്യാനികൾ" എന്നു വിളിക്കുന്ന ജനങ്ങളുടെ വളർന്നുവരുന്ന പ്രസ്ഥാനത്തെ ഇല്ലായ്മ ചെയ്യാൻ വിഗ്രഹാരാധികളായ റോമാ സാമ്രാജ്യം താല്പര്യപ്പെടുമ്പോൾ സഭ, ഭയാനകമായ പരിശോധനകൾ നേരിടേണ്ടി വരുമെന്ന് നമുക്കറിയാം.

സാത്താൻ ഒരു ഇരുമുന ആക്രമണം ആരംഭിച്ചു. നിശ്ചയമായും, പുറത്തുനിന്നുള്ള പീഡനം - അതായത്, മൃഗീയ ബലവും ആക്രമണവും - ഒരു ശക്തമായ ആയുധമായിരുന്നു. എന്നാൽ സഭ മറ്റൊരു ഭീഷണി നേരിട്ടു; ഒരുപക്ഷേ പുറത്തുനിന്നുള്ള പീഡനത്തെക്കാൾ അപകടകരം, അത് അകത്തു നിന്നുള്ള ഭീഷണിയായിരുന്നു. മുൻകാലങ്ങളിൽ യെഹൂദാ ജാതിക്ക് വ്യാജ പ്രവാചകന്മാരെ കൈകാര്യം ചെയ്യേണ്ടി വന്നതുപോലെ തന്നെ, പത്രൊസിന്റെ കാലത്തെ യേശുവിന്റെ അനുയായായി "നാശകരമായ മതഭേദങ്ങളെ" (2 പത്രൊസ് 2:1). സഭയ്ക്കുള്ളിൽ രഹസ്യമായി കൊണ്ടുവരുന്ന വ്യാജ ഉപദേശകന്മാരെയും കൈകാര്യം ചെയ്യേണ്ടതുണ്ടായിരുന്നു. ഇതിലും മോശമായ കാര്യം, "അവരുടെ ദുഷ് കാമപ്രവൃത്തികളെ പലരും അനുകരിക്കും" (2 പത്രൊസ് 2:2) എന്നും പത്രൊസ് താക്കീത് ചെയ്തു.

പത്രൊസ് താക്കീത് ചെയ്ത ഉപദേശങ്ങളിൽ ചിലത് എന്തൊക്കെയായിരുന്നു? പത്രൊസ് അവയോട് എങ്ങനെ പ്രതികരിച്ചു? നാമും അകത്തുനിന്നുള്ള ഭീഷണി നേരിടുന്നതുകൊണ്ട്, നമുക്കായി എന്തു പാഠങ്ങളാണ് അവന്റെ താക്കീതുകളിൽ നിന്ന് എടുക്കാവുന്നത്?

**ഞായർ ജൂൺ 4**

**വ്യാജപ്രവാചകരും ഉപദേശകരും**

ചിലപ്പോഴൊക്കെ ആദ്യകാലസഭയെ ആദർശവൽക്കരിക്കാൻ എളുപ്പമാണ്. യേശുവിന്റെ ആദ്യവിശ്വാസികൾക്കിടയിൽ വലിയ സമാധാനവും ഐക്യവുമുണ്ടായിരുന്ന സമയമായിരുന്നു എന്നും ചിന്തിക്കാം.

അതൊരു തെറ്റായിരിക്കും. യേശുവിന്റെ കാലം മുതലേ സഭ പോരാട്ടങ്ങളെ നേരിട്ടു മിക്കപ്പോഴും അകത്തുനിന്ന് (യൂദായെക്കുറിച്ച് ചിന്തിക്കുക). പുതിയനിയമ ലേഖനങ്ങൾ കാണിക്കുന്നതുപോലെ, അവർക്കിടയിലുണ്ടായിരുന്ന വ്യാജ ഉപദേശങ്ങളിൽനിന്നാണ് അനേക പ്രശ്നങ്ങളും വന്നത്.

ആദിമ സഭ കഷ്ടപ്പെട്ടത്, പുറത്തുനിന്നുള്ള പീഡനങ്ങൾ കൊണ്ടു മാത്രമല്ല പിന്നെയോ, അകത്തുനിന്നുള്ളവയിൽ നിന്നുകൂടിയാണ്. ഈ എഴുത്തിൽ പത്രൊസ് അവയിൽ ചില ആന്തരിക വെല്ലുവിളികളെ കൈകാര്യം ചെയ്യുന്നു. അവ എന്താണ്? "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിലുണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലയ്ക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്കാമപ്രവൃത്തികളെ പലരും അനുകരിക്കും; അവർ നിമിത്തം സത്യമാർഗം ദുഷിക്കപ്പെടും. അവർ ദ്രവ്യാഗ്രഹത്തിൽ കൗശല വാക്കു പറഞ്ഞു നിങ്ങളെ വാണിഭം ആക്കും. അവർക്കു പൂർവകാലം മുതൽ ന്യായവിധി താമസിയാതെ വരുന്നു. അവരുടെ നാശം ഉറങ്ങുന്നതുമില്ല."(2 പത്രൊസ് 2:1–3).

സഹോദരീസഹോദരന്മാർക്കിടയിൽ ആന്തരിക വലിയ ഐക്യവും സമാധാനവും ഉള്ള ഒരു സമയമായി തോന്നുന്നില്ല, ഉവ്വോ?

**2 പത്രൊസ് 2:1–3; 10–22 വായിക്കുക.**

**എന്തിനെക്കുറിച്ചാണ് പത്രൊസ് ഇവിടെ താക്കീത് ചെയ്യുന്നത്? സഭകളിൽ നടമാടിയിരുന്ന വ്യാജ കാര്യങ്ങളിൽ ചിലത് എന്തൊക്കെയാണ്?**

ആ എഴുത്തെഴുതാൻ ദൈവം പത്രൊസിനെ പ്രചോദിപ്പിച്ചതിന്റെ കാരണമായിരിക്കാം മിക്കവാറും 2 പത്രൊസ് 2:1 ൽ വെളിപ്പെടുത്തിയിരിക്കുന്നത്. മുൻകാലങ്ങളിൽ വ്യാജ പ്രവാചകന്മാർ ഉണ്ടായിരുന്നതു പോലെ, ഭാവിയിലും വ്യാജന്മാർ ഉണ്ടാകുമെന്ന് പത്രൊസ് അവരെ താക്കീത് ചെയ്യുകയാണ്. ഈ ഉപദേശകന്മാർക്കെതിരെ വളരെയധികം പരാതികൾ ഉന്നയിക്കുന്നു. ദുരുപദേശം (2 പത്രൊസ് 2:1) മുതൽ അറിയാത്തവരെ നാശത്തിലേക്ക് (2 പത്രൊസ് 2:19) നയിക്കുന്നതുൾപ്പെടെ മറ്റനേകം തെറ്റുകളും; അവനെഴുതിയതിൽ നിന്ന്, ഇവ വളരെ അപകടകരമായ ഉപദേശങ്ങളായിരുന്നുവെന്ന് കാണാൻ കഴിയും. അതിനാലാണ് പത്രൊസ് അവർക്കെതിരെ ശക്തമായി പ്രതികരിച്ചത്. വിശ്വാസപ്രമാണം അത്ര പ്രസക്തമല്ല എന്ന ആശയത്തെക്കുറിച്ച് പത്രൊസിന് ഒന്നുമറിയില്ലായിരുന്നു.

**ഈ വ്യാജ ഉപദേശങ്ങൾക്കെതിരെ പത്രൊസ് എത്ര ശക്തമായി പ്രതികരിക്കുന്നു എന്നു നോക്കുക.**

**സത്യം എത്ര പ്രധാനമാണെന്നതിനെക്കുറിച്ച് ഇത് നമ്മോടെന്തു പറയണം? സഭയിലേക്ക് വ്യാജ ഉപദേശങ്ങൾ കൊണ്ടുവരുവാനുള്ള ഏതൊരു ശ്രമത്തിനെതിരെയും നമുക്ക് നമ്മെത്തന്നെ എങ്ങനെ രക്ഷിക്കാം?**

## ക്രിസ്തുവിൽ സ്വാതന്ത്ര്യം

**"വഴിതെറ്റി നടക്കുന്നവരോട് ഇപ്പോൾ അകന്നുവന്നവരെ ഇവർ വെറും വമ്പു പറഞ്ഞു ദുഷ്പ്രവൃത്തികളാൽ കാമഭോഗങ്ങളിൽ കുടുക്കുന്നു" (2 പത്രൊസ് 2:18). എന്തിനെക്കുറിച്ചാണ് പത്രൊസ് ഈ വാക്യങ്ങളിൽ താക്കീത് ചെയ്യുന്നത്? അവന്റെ ഉത്കണ്ഠ വ്യക്തമാക്കുന്ന എന്ത് കാര്യമാണ് അവൻ 2 പത്രൊസ് 2:19 ൽ പറയുന്നത്? 19-ാം വാക്യത്തിലെ "സ്വാതന്ത്ര്യം" അല്ലെങ്കിൽ "വിമോചനം" എന്ന വാക്കിന്റെ അർത്ഥമെന്താണ്?**

സാദ്ധ്യമായ ഏറ്റവും ശക്തമായ ഭാഷയിൽ പത്രൊസ് അവന്റെ വായനക്കാർക്ക് വ്യാജ ഉപദേശകന്മാർക്കെതിരെ താക്കീത് നല്കുകയാണ്. ഈ വ്യാജ ഉപദേശകന്മാർ സ്വാതന്ത്ര്യവും വിമോചനവും വാഗ്ദത്തം ചെയ്യുമ്പോൾ വാസ്തവത്തിൽ ജനങ്ങളെ അടിമത്തത്തിലേക്ക് നയിക്കുമെന്ന് 2 പത്രൊസ് 2:18-21 ൽ അവൻ താക്കീത് ചെയ്യുന്നു. സുവിശേഷത്തിന്റെ എത്ര പൂർണമായ വഴിപിഴയ്ക്കൽ! ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം എന്നാൽ പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യമായിരിക്കണം (റോമർ 6:4-6). ഒരു വ്യക്തിയെ പാപത്തിന്റെ അടിമത്തത്തിൽ അവശേഷിപ്പിക്കുന്ന ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം എന്ന തെറ്റിനെതിരെയാണ് പത്രൊസ് താക്കീത് നല്കുന്നത്. അവൻ ഇവിടെ കൈകാര്യം ചെയ്യുന്ന കൃത്യമായ മതവിരുദ്ധവാദത്തെക്കുറിച്ച് പണ്ഡിതന്മാർ വാദപ്രതിവാദം നടത്തിയിട്ടുണ്ടെങ്കിലും, അത് പാപത്തെ ഒന്നടങ്കവും ഒരുവൻ അതിന് അടിമയായിരിക്കുന്നതുമായി വ്യക്തമായും ബന്ധപ്പെട്ടിട്ടുണ്ട്.

**യോഹന്നാൻ 8:34-36 വായിക്കുക. എന്താണ് പത്രൊസ് പറയുന്നതെന്ന് മനസ്സിലാക്കുവാൻ നമ്മെ എങ്ങനെ സഹായിക്കും?**

ഈ വ്യാജ ഉപദേശകന്മാർ എന്തുതന്നെ അവതരിപ്പിക്കുകയായിരുന്നെങ്കിലും, അവർ അവരുടെ ഇരകളെ അടുത്തിടയ്ക്ക് കർത്താവായ യേശുവിനെ കണ്ടെത്തിയവർ; തിരികെ അവരുടെ പഴയ പാപവഴികളിലേക്ക് നയിക്കുകയായിരുന്നു. വിശുദ്ധിയുടെയും നിർമലതയുടെയും ആവശ്യകതയെ കുറച്ചുകാണിക്കുന്ന ഏതോ ഒരു വിലകുറഞ്ഞ സുവിശേഷ കൃപ ഭാവനയിൽ കാണാൻ എളുപ്പമാണ്. ഇത് അവരെ വീണ്ടും അവർ രക്ഷപ്പെട്ടുവന്ന ലോകത്തിലെ അഴിമതിയിൽ കുടുങ്ങുവാൻ കാരണമാകുന്നു. ഈ ഉപദേശങ്ങൾക്കെതിരെ പത്രൊസ് ശക്തമായും കർക്കശമായും സംസാരിച്ചു എന്നതിൽ അദ്ഭുതമൊന്നുമില്ല, അവരെ പിൻപറ്റുന്നവർക്കുണ്ടാകുന്ന ഫലമെന്താകുമെന്നും അവൻ താക്കീത് നല്കുന്നു.

**ക്രിസ്തുവിലുള്ള സ്വാതന്ത്ര്യമെന്നാൽ നിങ്ങൾ എന്താണ് മനസ്സിലാക്കുന്നത്? ക്രിസ്തു നിങ്ങളെ എന്തിൽ നിന്നും സ്വതന്ത്രനാക്കി?**

## ഒരു നായ അതിന്റെ ഛർദ്ദിയിലേക്ക് തിരിയുന്നു.

**2 പത്രൊസ് 2:17–22; മത്തായി 12:43–48 വായിക്കുക. ക്രിസ്ത്യാനിത്വത്തിലേക്ക് മതം മാറിയ ഒരാൾ തിരികെ അവന്റെ/അവളുടെ മുൻജീവിതശൈലിയിലേക്ക് പോകുന്നതിന്റെ അപകടങ്ങൾ എന്താണ്?**

വ്യാജ ഉപദേശകർ തിരികെ അവരുടെ പാപങ്ങളിലേക്ക് വശീകരിച്ചുകൊണ്ടുപോകുന്നവരുടെ വിധിയോർത്ത് പത്രൊസ് പ്രത്യേകമായി ഉത്കണ്ഠാകുലനായിരുന്നു (2 പത്രൊസ് 2:18). വ്യാജ ഉപദേശകർ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു. എന്നാൽ പത്രൊസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, യേശു അവന്റെ പിൻപറ്റുന്നവർക്ക് നല്കുന്ന സ്വാതന്ത്ര്യത്തിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു അവർ വാഗ്ദത്തം ചെയ്തിരിക്കുന്നത്.

പത്രൊസ് നല്കിയ ശക്തമായ താക്കീത് നോക്കൂ: “നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടുകളയുന്നതിനെക്കാൾ അത് അറിയാതിരിക്കുന്നതു അവർക്കു നന്നായിരുന്നു” (2 പത്രൊസ് 2:21).

നിശ്ചയമായും, ഇതിനർത്ഥം അവരുടെ കാര്യം ആശയറ്റതാണെന്നല്ല. നമുക്കെല്ലാം കർത്താവിൽ നിന്നും പുറംതിരിഞ്ഞു പോയിട്ട് പിന്നീട് തിരികെവന്നവരുടെ കഥകൾ അറിയാം. അവർ അങ്ങനെ ചെയ്യുമ്പോൾ കർത്താവിന് വളരെ സന്തോഷമാണെന്നും അവരെ തിരികെ ചേർക്കുമെന്നും നമുക്കറിയാം (ലൂക്കൊസ് 15:11–32 കാണുക). പിന്തിരിഞ്ഞു പോകുന്നത് വളരെ അപകടകരമായ ഒരു പാതയാണെന്ന് മാത്രമേ അതിനർത്ഥമുള്ളു. അതൊരു സുഖമുള്ള കാര്യവുമല്ല. ഒരു നായ അതിന്റെ ഛർദിയിലേക്ക് തിരികെ പോകുന്നത് അത് വർണിക്കുവാനുള്ള ഒരു അപരിഷ്കൃതവും കർക്കശവുമായ രീതിയാണ്. എന്നാൽ പത്രൊസ് അവന്റെ കാര്യം വ്യക്തമാക്കുന്നത് ആ സാദൃശ്യത്തോടെയാണ്.

ഒരുപക്ഷേ, 2 പത്രൊസ് 2:50 ലെ യേശുവിന്റെ വാക്കുകളുടെ മാറ്റൊലി മനഃപൂർവമായിരിക്കാം (മത്തായി 12:45; ലൂക്കൊസ് 1:26 കാണുക). ഒരു അശുദ്ധാത്മാവിൽനിന്നും സ്വതന്ത്രനാക്കപ്പെട്ട ഒരു മനുഷ്യന്റെ ഉപമ യേശു പറയുന്നു. ആ ആത്മാവ് സ്വന്തമായി ഒരിടം കിട്ടാതെ അലഞ്ഞുതിരിഞ്ഞു, തിരികെ വന്നു. “ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്ക് മടങ്ങിച്ചെല്ലും (മത്തായി 12:44) എന്ന് പറയുന്നു. അവൻ തിരികെ വന്ന് അത് ശൂന്യമായും ക്രമീകൃതമായും കണ്ടു. അവൻ വീണ്ടും അവിടെ താമസമാക്കുന്നു. എന്നാൽ അവൻ അവനോടൊത്ത് അവനെക്കാൾ ദുഷ്ടന്മാരായ നിരവധി മറ്റ് ആത്മാക്കളെ കൊണ്ടുവരുന്നു. യേശു പറയുന്നതുപോലെ, “ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പത്തേതിലും വല്ലാതെ ആയും” (മത്തായി 12:45). യേശു ചിത്രീകരിക്കുന്നതും പത്രൊസ് പറയുന്നതുമായ അപകടം യഥാർത്ഥമാണ്. അവന്റെയോ അവളുടെയോ ജീവിതത്തെ അടക്കിവാണിരുന്ന കാര്യങ്ങൾക്കു പകരമായി ആത്മാവിന്റെ കാര്യങ്ങൾ നിറയ്ക്കുന്നു എന്ന് അവർ ഉറപ്പുവരുത്തണം. സഭയിൽ ഭാഗഭാക്കാകുന്നതും പുതിയവിശ്വാസം പങ്കുവയ്ക്കുന്നതും പഴയ ലൗകിക

പ്രവർത്തനങ്ങൾക്കു പകരം വച്ചില്ലെങ്കിൽ, ഒരുവന്റെ പഴയ വഴികളിലേക്ക് തിരികെ പോകുന്നത് വളരെ എളുപ്പമാണ്.

**നാം ഒരു സഭാകുടുംബമെന്ന നിലയിൽ നമ്മുടെ എല്ലാ അംഗങ്ങളെയും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കാനും ശിഷ്യരാക്കാനും എന്തെല്ലാം വഴികളാണുള്ളത്, പ്രത്യേകിച്ച് പുതിയതായി വന്നവരെ?**

**ബുധൻ** **ജൂൺ 7**

**പത്രൊസും യൂദായും**

യൂദാ 4–19 വരെ പ്രധാനമായും 2 പത്രൊസ് 2:1; 3:7 ലെ ദൂത് ആവർത്തിക്കുകയാണെന്ന് അനേകർ നിരീക്ഷിച്ചിട്ടുണ്ട്. എപ്പോഴൊക്കെയാണോ തിരുവെഴുത്ത് ഒരു ദൂത് ആവർത്തിക്കുന്നത്, ദൈവത്തിന് എന്തോ പ്രധാനമായത് നല്കുവാനുണ്ടെന്ന് നാം അറിയണം. ഈ സാമ്യമുള്ള പാഠഭാഗങ്ങളിൽ ഒരു പ്രധാനപ്പെട്ട സത്യം നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് യൂദായും പത്രൊസും ദീർഘമായി പരിശ്രമിക്കുന്നു; ദുഷ്ടന്മാരുടെ വിധി ദൈവത്തിന്റെ നിയന്ത്രണത്തിലാണ് തിന്മയെ ദൈവം സസൂക്ഷ്മം വീക്ഷിക്കുന്നു എന്ന കാര്യത്തിൽ നമുക്ക് യാതൊരു സംശയത്തിനും പത്രൊസും യൂദായും ഇടം നല്കുന്നില്ല. വീഴ്ച ഭവിച്ച് ദൂതന്മാരോ അല്ലെങ്കിൽ നീതികെട്ട മനുഷ്യവർഗമോ ആയാലും, ദൈവം അവരുടെ തിന്മ പ്രത്യേകം ശ്രദ്ധിക്കുകയും ശിക്ഷ ന്യായവിധി ദിവസത്തിൽ അവർക്കു വിഭാവനം ചെയ്യുകയും ചെയ്തിട്ടുണ്ട് (2 പത്രൊസ് 2:9,17; യൂദാ 6).

**2 പത്രൊസ് 2:1–3:7; യൂദാ 4–19 വായിക്കുക. പാപത്തെ കൈകാര്യം ചെയ്യുമ്പോൾ ദൈവം കർക്കശക്കാരനാണെന്ന വസ്തുത വ്യക്തമാക്കാൻ യൂദായും പത്രൊസും ദൈവത്തിന്റെ മുൻപുള്ള പ്രതികാരത്തിന്റെ എന്ത് ഉദാഹരണങ്ങളാണ് നല്കുന്നത്?**

മുൻകാലങ്ങളിലെ ദൈവത്തിന്റെ പ്രതികാരത്തിന്റെ മൂന്ന് ഉദാഹരണങ്ങൾ പത്രൊസും യൂദായും നല്കുന്നു.

ജലപ്രളയത്താൽ അതിനു മുൻപുള്ള ലോകത്തെ നശിപ്പിച്ചത്; സൊദോമിനെയും ഗോമോറയെയും അഗ്നിക്കിരയാക്കിയത്; നാശത്തിനായി ദൂതഗണങ്ങളെ ചങ്ങലയ്ക്കിട്ടത് (2 പത്രൊസ് 2:4–6; 3:7; യൂദാ 6,7) എന്നിവ ഇതിലുൾപ്പെടുന്നു. ഈ സംഭവങ്ങളെല്ലാം അവയുടെ അന്ത്യം കുറിക്കുന്നവയായിരുന്നു.

ദൈവത്തിന്റെ കൃപയെയും കരുണയെയും സംബന്ധിച്ച് തിരുവെഴുത്ത് വളരെയധികം പ്രസ്താവിക്കുന്നുണ്ടെങ്കിലും, പാപത്തിന്റെ അന്തിമ നശീകരണത്തിനു ദൈവത്തിന്റെ നീതിയും ഒരു പ്രധാന പങ്കുവഹിക്കുന്നു.

ഇത്ര രൂക്ഷമായ ശിക്ഷയ്ക്ക് ഇടയാക്കിയത് ഏതൊക്കെ പാപങ്ങളായിരുന്നു? ഇവയിൽ മതനിന്ദ, അധികാരികളെ നിന്ദിക്കുക, അവർ യജമാനരാക്കിയ എന്തിനോടുമുള്ള അടിമത്തം, ദൈവകൃപയെ അധാർമികതയ്ക്കുള്ള സമ്മതമായി വഴിപിഴപ്പിക്കുക; യേശുവിനെ ഏക പരമാധികാരിയും കർത്താവുമായി തള്ളിപറയുക;

പൊള്ളയായ സംസാരവും, അഹംഭാവം നിറഞ്ഞ വാക്കുകളും, ഭൂഷണവും ഉൾപ്പെടുന്നു (2 പത്രൊസ് 2:1,10,19; യൂദാ 4; യൂദാ 8; 2 പത്രൊസ് 2:18; യൂദാ 10).

രസകരമെന്നു പറയട്ടെ, ഈ വിവരണങ്ങൾ നമ്മെ കോപാകുലരാക്കുന്ന അക്രമ പ്രവർത്തനങ്ങൾ, മറ്റ് പൈശാചിക ദുഷ്ടതകൾ എന്നിവ ഉൾപ്പെടുത്തുന്നില്ല. പകരം, അവർ ഒരു പൊതു സ്വഭാവമുള്ള കൂടുതൽ ഗൗരവമുള്ള പാപങ്ങളെ വർണിക്കുന്നു. ചിലപ്പോഴൊക്കെ സഭാസമൂഹത്തിൽത്തന്നെ ക്ഷമിക്കപ്പെടുന്ന പാപങ്ങളാണ് അവ. ആത്മാർത്ഥമായ അനുതാപത്തിലേക്കും സഭയ്ക്കുള്ളിലെ നവോത്ഥാനത്തിലേക്കുമുള്ള വലിയ ആവശ്യത്തിലേക്ക് ഈ വസ്തുത നമ്മെ ഉണർത്തണം.

**2 പത്രൊസ് 2:12; യൂദാ 10 വായിക്കുക. നാശം നേരിടുന്നവരെ പത്രൊസും യൂദായും വർണിക്കുന്നത് "സ്വന്തം വഷളത്വത്താൽ" 2 പത്രൊസ് 2:12 അല്ലെങ്കിൽ "ബുദ്ധിയില്ലാത്ത" മൃഗങ്ങളെപ്പോലെ ജന്മവാസനയാൽ നയിക്കപ്പെടുന്നവരായി എന്നാണ്. ആ വിവരണം എങ്ങനെയാണ് ദൈവം ആദിയിൽ മനുഷ്യനെ എങ്ങനെ സൃഷ്ടിച്ചു എന്നതുമായി എങ്ങനെ താരതമ്യപ്പെടുന്നു; അത് നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കാതെ തടയുവാൻ നിങ്ങൾക്ക് എങ്ങനെ കഴിയും?**

**വ്യാഴം** **ജൂൺ 8**

## കൂടുതൽ പഴയനിയമ പാഠങ്ങൾ

**2 പത്രൊസ് 2:6–16 വായിക്കുക. ദുഷ്ടത എന്തിലേക്ക് നയിക്കുമെന്നുള്ള താക്കീത് നല്കുവാൻ മറ്റെന്ത് ഉദാഹരണങ്ങളാണ് പത്രൊസ് ഉപയോഗിക്കുന്നത്?**

ബൈബിളിൽ സൊദോമിനെക്കുറിച്ചുള്ള ആദ്യത്തെ വാസ്തവമായ പരാമർശം ഉല്പത്തി 13:12,13 ലാണ്. "സാമ്പത്തിക" കാരണങ്ങളാൽ ലോത്തും അബ്രഹാമും വേർപിരിയാൻ തീരുമാനിച്ചു. ലോത്ത് യോർദ്ദാൻ താഴ്വര തിരഞ്ഞെടുക്കുകയും "സൊദോം" വരെ കൂടാരം നീക്കിനീക്കി അടിച്ചു" (ഉല്പത്തി 13:12). ബൈബിൾ പിന്നീട് പറയുന്നു: "സൊദോം നിവാസികൾ ദുഷ്ടന്മാരും യഹോവയുടെ മുമ്പാകെ മഹാപാപികളും ആയിരുന്നു" (ഉല്പത്തി 13:13) പിന്നീട് ദൈവം സൊദോമിനെ നശിപ്പിക്കുവാൻ പദ്ധതിയിടുകയാണ് എന്ന് അബ്രഹാമിനെ താക്കീത് ചെയ്തപ്പോൾ, അബ്രഹാം ചർച്ചകളിലൂടെ ദൈവവുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി. 10 നീതിമാന്മാർ അവിടെയുണ്ടെങ്കിൽ നഗരത്തെ നശിപ്പിക്കരുതെന്ന് അവൻ അപേക്ഷിച്ചു (ഉല്പത്തി 18:16–33). സൊദോമിൽ 10 നീതിമാന്മാരെയെങ്കിലും കാണാനുള്ള അസാദ്ധ്യത ലോത്തിനെ സന്ദർശിക്കാൻ അയയ്ക്കപ്പെട്ട ദൂതന്മാർക്ക് സംഭവിച്ചതിൽനിന്ന് വളരെ വ്യക്തമായി തെളിയിക്കപ്പെട്ടു. ഒടുവിൽ ആ നഗരം നശിപ്പിക്കപ്പെട്ടു. ലോത്തും അവന്റെ രണ്ട് പെൺമക്കളും മാത്രം അവശേഷിച്ചു (ഉല്പത്തി 19:21–25).

പത്രൊസ് ഈ കഥയിൽ നിന്നും രണ്ട് പാഠങ്ങൾ അനുമാനിക്കുന്നു. ഒന്നാമത്, ആ രണ്ട് പട്ടണങ്ങൾ ദൈവമില്ലാത്തവർക്ക് വരുവാനുള്ള ശിക്ഷയുടെ ഒരുദാഹരണം കാണിക്കുന്നു (2 പത്രൊസ് 2:6). രണ്ടാമതായി പരിശോധനകളിൽ നിന്ന്

നീതിമാന്മാരെ എങ്ങനെ രക്ഷിക്കണമെന്ന് ദൈവത്തിനറിയാം (2 പത്രൊസ് 2:7-9). പത്രൊസ് പിന്നീട് സൊദോമിലും ഗോമോറയിലും നശിപ്പിക്കപ്പെട്ടവരുടെ ചില പ്രത്യേക സ്വഭാവങ്ങൾ കുറിച്ചുവയ്ക്കുന്നു; അവർ ശരീരം കൊണ്ട് വഷളായ ദുർമോഹങ്ങളിൽ മുഴുകുന്നു. അധികാരത്തെ നിന്ദിക്കുന്നു. ധാർഷ്ട്യമുള്ളവരും ശാഠ്യബുദ്ധിക്കാരുമായിരുന്നു. ദൂതന്മാരെക്കുറിച്ചുപോലും അപവാദം പറയുന്നതിന് വൈമനസ്യം കാണിച്ചില്ല (2 പത്രൊസ് 2:10,11). വ്യാജ ഉപദേശകന്മാരെയും അവരുടെ അനുയായികളെയും പത്രൊസ് വർണിക്കുന്നതുമായി ഇതിന് സാമ്യമുണ്ട്.

ബിലെയാമിന്റെ കഥ സംഖ്യ 22:1; 24:25 ൽ കാണുന്നു. മോവാബ്യ രാജാവ് ബാലാക് അവനെ വിളിച്ചുവരുത്തിയതാണ്. ഇസ്രായേൽ മക്കളെ ശപിക്കുവാൻ ആദ്യം വൈമനസ്യം കാണിച്ചെങ്കിലും, ഒരു വൻതുക വാഗ്ദാനം ചെയ്ത് ഒടുവിൽ ഈ ദൗത്യം ഏറ്റെടുക്കുവാൻ അവൻ പ്രേരിപ്പിക്കപ്പെട്ടു (സംഖ്യ 22:7-21). അവന്റെ മാർഗമദ്ധ്യേ ഒരു "ദൈവദൂതൻ" അവനെ അഭിമുഖീകരിച്ചു. അവന്റെ കഴുത വഴി മാറിയപ്പോഴാണ് അവൻ രക്ഷപ്പെട്ടത്. ബിലെയാം പിന്നെ അവന്റെ കഴുതയെ അടിച്ചു, അപ്പോൾ അവന്റെ കണ്ണ് തുറന്ന് "യഹോവയുടെ ദൂതനെ" കണ്ടപ്പോഴാണ് തന്റെ തെറ്റ് അവൻ തിരിച്ചറിഞ്ഞത് (സംഖ്യ 22:22-35). ഒടുവിൽ, ബിലെയാം യിസ്രായേൽ മക്കളെ അനുഗ്രഹിച്ചു (സംഖ്യ 23:4-24; 24).

വ്യഭിചാരിണിയെ കണ്ട് രസിക്കുകയും ദ്രവ്യാഗ്രഹമുള്ളവരുമായവരുടെ ഒരു ദാഹരണമായി പത്രൊസ് ബിലെയാമിനെ ഉപയോഗിച്ചു (2 പത്രൊസ് 2:14,15) അത്തരമാളുകൾ ബിലെയാമിനെ പോലെയാണ്. അവർ പിന്തുടരേണ്ട വഴി അവർ ഉപേക്ഷിച്ചിരിക്കുന്നു.

**നമുക്ക് നല്കപ്പെട്ടിരിക്കുന്ന സകലതിനെയും കുറിച്ച് ഓർക്കുക, ബൈബിളിലും എലൻ ജി. വൈറ്റിന്റെ എഴുത്തുകളിലും. അപ്രകാരം, സെവന്ത്-ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമുക്കൊരിക്കലും താക്കീത് നല്കപ്പെട്ടിട്ടില്ലെന്ന് എന്തുകൊണ്ട് ഒരിക്കലും പറയുവാൻ കഴിയില്ല.**

**വെള്ളി** **ജൂൺ 9**

**കൂടുതൽ ചിന്ത:** മിക്കപ്പോഴും ക്രിസ്ത്യാനികൾ "ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെ"ക്കുറിച്ച് പറയുന്നത് നാം കേട്ടിട്ടുണ്ട്. നിശ്ചയമായും ഇതൊരു ന്യായയുക്തമായ ആശയമാണ്. ന്യായപ്രമാണത്തിന്റെ ശിക്ഷാവിധിയിൽ നിന്ന് സ്വതന്ത്രരാകാനും നമ്മുടെ സ്വന്തം പ്രവൃത്തികളാലല്ല; ക്രിസ്തു നമുക്കുവേണ്ടി എന്തു ചെയ്തു എന്നുള്ളതുകൊണ്ട് രക്ഷയുടെ ഉറപ്പ് ലഭിക്കുക എന്നുള്ളതും സ്വതന്ത്രമാക്കുക തന്നെയാണ്. മാർട്ടിൻ ലൂഥറിന്റെ കഥയും കൃപ എന്തെന്ന് അവൻ മനസിലാക്കുന്നതിനുമുൻപ് അവൻ അനുഭവിച്ച അടിമത്തവും ഈ സ്വാതന്ത്ര്യത്തിന് എന്ത് അർത്ഥമുണ്ട് എന്നു മനസ്സിലാക്കുവാൻ പറ്റിയ വലിയൊരു ഉദാഹരണമാണ്. എന്നിരുന്നാലും നാം പത്രൊസിൽ കണ്ടതുപോലെ ഈ അതിശയകരമായ സത്യം വളച്ചൊടിക്കപ്പെടാം.

“നമ്മുടെ രക്ഷയ്ക്കായി ക്രിസ്തുവിലുള്ള പരിപൂർണ്ണ ആശ്രയം എന്ന വലിയ സത്യം അനുമാനം എന്ന തെറ്റിനോട് ചേർന്നു കിടക്കുന്നു. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തെ ആയിരങ്ങൾ നിയമരാഹിത്യമായി തെറ്റിദ്ധരിച്ചിട്ടുണ്ട്; ക്രിസ്തു നമ്മെ ന്യായപ്രമാണത്തിന്റെ ശിക്ഷാവിധിയിൽ നിന്നും വിടുവിക്കാൻ വന്നതുകൊണ്ട്, അനേകർ കരുതുന്നത് ന്യായപ്രമാണം തന്നെ മാറിപ്പോയെന്നും, അത് അനുഷ്ഠിക്കുന്നവർ കൃപയിൽ നിന്നും വീണുപോയിയെന്നുമാണ്. അപ്രകാരം സത്യവും തെറ്റും വളരെ സാമ്യമുള്ളതായി കാണപ്പെടുന്നതുകൊണ്ട്, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടാത്ത മനസ്സുകൾ തെറ്റ് സ്വീകരിക്കുന്നതിലേക്ക് നയിക്കപ്പെടുകയും, അങ്ങനെ ചെയ്യുന്നതിലൂടെ, അവരെത്തന്നെ സാത്താന്റെ വഞ്ചനയുടെ ശക്തിക്കു കീഴിൽ വെയ്ക്കുകയും ചെയ്യുന്നു. ഇങ്ങനെ സത്യത്തിനു പകരം തെറ്റ് സ്വീകരിക്കുന്നതിലേക്ക് മനുഷ്യരെ നയിക്കുന്നതിലൂടെ പ്രൊട്ടസ്റ്റന്റ് ലോകത്തിന്റെ ആദരവ് നേടിയെടുക്കാൻ സാത്താൻ പ്രവർത്തിക്കുകയാണ്.

**ചർച്ചാ ചോദ്യങ്ങൾ**

1. വ്യാജ ഉപദേശത്തിന്റെ മറ്റ് ഫലങ്ങളെക്കുറിച്ച് പത്രൊസ് പറയുന്നതും 2 പത്രൊസ് 2:19 ഉം ധ്യാനിക്കുക. നാം വിശ്വസിക്കുന്ന സുപ്രധാന സത്യങ്ങളെക്കുറിച്ച് നാം സ്വയം പഠിക്കണം എന്ന ഉറപ്പ് നമുക്ക് എന്തുകൊണ്ട് ഉണ്ടായിരിക്കണം? നാം എന്ത് വിശ്വസിക്കണം എന്നതിനെക്കുറിച്ച് നമുക്ക് ഏകാഭിപ്രായം ഉണ്ടായിരിക്കണം എന്നത് എത്ര പ്രധാനമാണ്? നമ്മുടെ സഹവിശ്വാസികളിൽ നിന്ന് വ്യത്യസ്തമായ ആശയങ്ങൾ ചിന്തിക്കുന്നത് എപ്പോഴാണ് “അപകടകരമാകുന്നത്”

2. ന്യായവിധിയെയും ശിക്ഷാവിധിയെയും സംബന്ധിച്ച സമൂല ചോദ്യത്തിന് പത്രൊസ് ഉപയോഗിക്കുന്ന ശക്തമായ ചില ഭാഷകൾ നോക്കുക: “തങ്ങൾക്കു തന്നെ ശീഘ്രനാശം വരുത്തും” (2 പത്രൊസ് 2:1); “സ്വന്തം വഷളത്വത്താൽ നശിച്ചുപോകും” (2 പത്രൊസ് 2:12); “ന്യായവിധി ദിവസത്തിലെ ദണ്ഡനത്തിനായി കാപ്പാനും” (2 പത്രൊസും 2:9); “അവരുടെ നാശം ഉറങ്ങുന്നതുമില്ല” (2 പത്രൊസ് 2:3). നൃയവിധിയുടെ യാഥാർത്ഥ്യത്തെക്കുറിച്ച് മാത്രമല്ല പിന്നെയോ അവന്റെ ജനങ്ങളെ തെറ്റിലേക്ക് നയിക്കുന്നവരെ എത്ര ശക്തമായാണ് കുറ്റം വിധിക്കുന്നതെന്നും ഈ വാക്യങ്ങൾ നമ്മോട് എന്ത് പറയണം?

3. “ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം” എന്നതിനെക്കുറിച്ച് സംസാരിക്കുന്നവൻ പൊതുവിൽ അങ്ങനെ ചെയ്യുമ്പോൾ അതിന്റെ അർത്ഥമെന്താണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. പൊതുവായി ന്യായപ്രമാണത്തിന്റെ പശ്ചാത്തലത്തിലല്ല (ചിലർ അങ്ങനെ ചെയ്യുന്നുണ്ട്) പിന്നെയോ നാലാം കല്പന പാലിക്കുന്നതിന്റെ പശ്ചാത്തലത്തിൽ, ശബ്ബത്ത് കല്പന “ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം” എന്ന ആശയം വളച്ചൊടിക്കാവുന്ന മറ്റൊരു വഴികാണാൻ ഈ വാദഗതി നമ്മെ എങ്ങനെ സഹായിക്കും?

✪ ✪ ✪ ✪